(ഡി) ഇത്തരത്തിൽ ചോദ്യപേപ്പർ അച്ചടിച്ചത് പ്രസ്തുത പരീക്ഷയുടെ ഗൗരവവും രഹസ്യവും നശിപ്പിക്കുന്നതാണെന്നറിയാമോ ;

(ഇ) ഇത്ര ലാഘവത്തോടെ എസ്.എസ്.എൽ.സി. പരീക്ഷയെ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ വീഴ്ചയ്ക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കിയാണ് ചോദ്യപേപ്പർ അച്ചടിക്കുന്നത്. ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ് നൽകുമ്പോൾ A List പൂർത്തീകരിക്കാത്തതിനാൽ 20% എണ്ണം കൂട്ടിയാണ് ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ് പ്രിന്ററർക്ക് നൽകാറുള്ളത്.

(ബി) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഒരു ചോദ്യപേപ്പറിനുള്ള അച്ചടി കൂലി പ്രത്യേകമായി കണക്കാക്കിയിട്ടില്ല. പരീക്ഷയുടെ ആകെ ചെലവ് മാത്രമാണ് കണക്കാക്കുന്നത്. 2014 പരീക്ഷയുടെ ആകെ ചെലവ് 1,15,50,475 രൂപയാണ്. 2015-ലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചെലവ് കണക്കാക്കി വരുന്നതേയുള്ളൂ.

(സി&ഡി) 2015 വർഷത്തെ കുട്ടികൾക്ക് ഐ.ടി. വിഷയത്തിൽ ഓൺലൈൻ പരീക്ഷ നടത്തിയതിനോടൊപ്പം 20-11-2012-ന് മുമ്പ് പഴയ സ്കീമിൽ ഐ.ടി. വിഷയത്തിന് പാസ്സാകാത്ത കുട്ടികൾക്കുവേണ്ടി ചോദ്യപേപ്പർ അച്ചടിക്കുകയുണ്ടായി. ആയത് പരീക്ഷയുടെ രഹസ്യസ്വഭാവം നിലനിർത്തി തന്നെയാണ് അച്ചടിച്ചിട്ടുള്ളത്.

(ഇ) എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിൽ ഉണ്ടായ പിഴവുകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടന്നുവരികയാണ്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

എസ്.എസ്.എൽ.സി. പരീക്ഷാ മൂല്യനിർണ്ണയം

35 (1053) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷാ മൂല്യനിർണ്ണയം സംബന്ധിച്ച് അദ്ധ്യാപക സംഘടനകളിൽനിന്നും പരാതി ലഭിച്ചിരുന്നോ ; പരാതിയും നിർദ്ദേശങ്ങളും പരിഗണിക്കുകയുണ്ടായോ ;

(ബി) മൂല്യനിർണ്ണയത്തിനായി എത്ര ക്യാമ്പുകളാണ് പ്രവർത്തിച്ചിരുന്നത് ; ഈ ക്യാമ്പുകളിലെല്ലാം കൂടി എത്ര അദ്ധ്യാപകരാണ് മൂല്യനിർണ്ണയത്തിൽ പങ്കെടുത്തത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അദ്ധ്യാപകരുടെ എണ്ണമനുസരിച്ച് എല്ലാ ക്യാമ്പുകളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നോ; ക്യാമ്പുകളിലെ അസൗകര്യങ്ങൾ സംബന്ധിച്ച് പരാതികൾ ഉയർന്നിരുന്നോ; ഇത് സംബന്ധിച്ച അദ്ധ്യാപകരുടെ പ്രതിഷേധത്തിന് പരിഹാരം കാണാൻ കഴിഞ്ഞിരുന്നോ ;

(ഡി) ഇത്തവണ മൂല്യനിർണ്ണയത്തിൽ ഒരദ്ധ്യാപകൻ എത്ര പേപ്പറുകളാണ് മൂല്യനിർണ്ണയം നടത്തേണ്ടിയിരുന്നത് ; മുൻവർഷങ്ങളിൽ ഇത് എത്രയായിരുന്നു ;

(ഇ) മൂല്യനിർണ്ണയം എത്ര ദിവസം കൊണ്ടാണ് പൂർത്തിയാക്കിയത് ; ചുരുങ്ങിയ ദിവസത്തിനുള്ളിൽ മൂല്യനിർണ്ണയം പൂർത്തിയാക്കാൻ നിർദ്ദേശിച്ചതിന്റെ ഉദ്ദേശ്യമെന്തായിരുന്നു ; മൂല്യനിർണ്ണയത്തിന് മതിയായ സമയം ലഭിക്കാത്തത് അപാകതകൾ കടന്നുകൂടുന്നതിനും കാര്യക്ഷമത കുറയുന്നതിനും കാരണമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അദ്ധ്യാപക സംഘടനകളുടെ പരാതികളും നിർദ്ദേശങ്ങളും പൂർണ്ണമായും പരിഗണിച്ച് കൊണ്ടുതന്നെയാണ് മുന്നോട്ടുപോയിട്ടുള്ളത്.

(ബി) കേരള സംസ്ഥാനത്തൊട്ടാകെ 54 മൂല്യനിർണ്ണയ ക്യാമ്പുകളാണ് പ്രവർത്തിച്ചിരുന്നത്. ഈ ക്യാമ്പുകളിലെല്ലാംകൂടി 19601 അദ്ധ്യാപകരാണ് മൂല്യ നിർണ്ണയത്തിൽ പങ്കെടുത്തത്.

(സി) കേരള സംസ്ഥാനത്തൊട്ടാകെ 54 ക്യാമ്പുകളിലായിട്ടാണ് മൂല്യനിർണ്ണയം നടത്തിയത്. പ്രസ്തുത ക്യാമ്പുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുവാൻ എല്ലാ ജില്ലകളിലെയും ബന്ധപ്പെട്ട ആഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിൽ അസൗകര്യങ്ങൾ ഉണ്ടായതായി വന്നിട്ടുള്ള പരാതികൾ പരിശോധിക്കുകയും അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ഉടൻതന്നെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇംഗ്ലീഷ്, സോഷ്യൽ സയൻസ്, കണക്ക് എന്നീ വിഷയങ്ങൾക്ക് 24 വീതവും മറ്റ് വിഷയങ്ങൾക്ക് 36 വീതവുമാണ് മൂല്യനിർണ്ണയം നടത്തിയിരുന്നത്. മുൻവർഷങ്ങളിലും ഇത്തരത്തിലാണ് മൂല്യനിർണ്ണയം നടത്തിയിരുന്നത്.

(ഇ) പത്ത് ദിവസംകൊണ്ടാണ് മൂല്യനിർണ്ണയം പൂർത്തിയാക്കിയത്. ഇപ്രകാരം മൂല്യനിർണ്ണയം നടത്തിയ കാരണത്താൽ അപാകതകൾ സംഭവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly